തൃശൂർ പബ്ലിക് ലൈബ്രറിക്ക് സൗജന്യമായി സ്ഥലം നൽകുന്നതിനുള്ള നടപടി

62 (874) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ പബ്ലിക് ലൈബ്രറിക്ക് പുതിയ കെട്ടിടം പണിയുന്നതിന് സൗജന്യമായി സ്ഥലം കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ് ?

ഉത്തരം

(എ&ബി) തൃശൂർ പബ്ലിക് ലൈബ്രറിക്ക് പുതിയ കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം സൗജന്യ നിരക്കിൽ പതിച്ചു നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ചിതറ പഞ്ചായത്തുകാരെ ചിതറ വില്ലേജിൽ ഉൾപ്പെടുത്താൻ നടപടി

63 (875) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചടയമംഗലം മണ്ഡലത്തിലെ ചിതറ പഞ്ചായത്തിലെ ഏതെല്ലാം പ്രദേശങ്ങളാണ് പത്തനാപുരം താലൂക്കിലെ തിങ്കൾക്കരിക്കകം വില്ലേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) കൊട്ടാരക്കര താലൂക്കും ചിതറ പഞ്ചായത്തുമായി ബന്ധപ്പെട്ടിരുന്ന ഈ പ്രദേശത്തെ പത്തനാപുരം താലൂക്കിൽപ്പെടുത്തിയതുമൂലം ഉളവായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ പ്രശ്നം പരിഹരിക്കുന്നതിന് ഏതെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) തിങ്കൾക്കരിക്കകം വില്ലേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ചിതറ പഞ്ചായത്തുകാരെ ചിതറ വില്ലേജിൽ ഉൾപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഇ) എന്നേയ്ക്ക് ഈ നടപടി പൂർത്തിയാക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇടപ്പണചതുപ്പ്

(ബി&സി) ഉണ്ട്.

(ഡി&ഇ) ചിതറ പഞ്ചായത്തുകാരെ ചിതറ വില്ലേജിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly